അരുവി 2019



ST.RITAS. H.S
S.R H.S
CHARACTER
KNOWLEDGE
SERVICE
അരുവി
സെന്റ് റീത്താസ് .എച്ച്.എസ്
പൊന്നുരുന്നി

# അരുവി

**മാനേജിംഗ് എഡിറ്റർ**

ശ്രീമതി.ജനറ്റ് ടീച്ചർ

**ചീഫ് എഡിറ്റർ**

ഭരത് കൃഷ്ണ

**എഡിറ്റോറിയൽ ബോർഡ്**

വിഷ്ണു സി.ബി,ഇർഫാൻ,പ്രണവ് ആർ,ലിയോ,ആദർശ്,കാർത്തിക്,

**കമ്മിറ്റി അംഗങ്ങൾ**

ആൽവിൻ,ഷാനു,ആശയ്,ശങ്കരൻ,വിജയ്

# സന്ദേശം




വിവര വിനിമയ സാങ്കേതിക വിദ്യയിൽ വൈദഗ്ദ്യവും സാമൂഹ്യപ്രതിബദ്ധതയുമുള്ള ഒരു തലമുറയെ വാർത്തെടുക്കുന്നതിൽ വലിയ പങ്കാളിത്തം വഹിക്കുന്ന ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ്, സെന്റ് റീത്താസിൽ നല്ല രീതിയിൽ നടക്കുന്നുണ്ടെന്നറിയുന്നതിൽ സന്തോഷമുണ്ട്.ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ് അംഗങ്ങൾ അവരുടെ കഴിവുകൾ പ്രകടിപ്പിക്കുന്നതിനായി ഒരു മാഗസിൻ തയ്യാറാക്കുന്നതിൽ അതിയായ സന്തോഷമുണ്ട്.ലിറ്റിൽ കൈറ്സ് ക്ലബ്ബ അംഗങ്ങൾക്ക് എല്ലാവിധ ഭാവുകങ്ങളും നേരുന്നു.



## പ്രധാനധ്യാപിക

## ശ്രീമതി .ജനറ്റ് ടി.ജെ

# സന്ദേശം



ആധുനിക ലോകത്തിലെ തലമുറയ്ക്ക്
ലഭിക്കുന്ന
ഏറ്റവും നല്ല അവസരങ്ങൾ
വളരെയധികം
അഭിമാനിക്കാവുന്നതാണ് . കാലത്തിന്റെ
മാറ്റങ്ങൾക്കനുസരിച്ച് പുതുതലമുറയെ വാർത്തെടുക്കുന്നതിൽ
വിദ്യാഭ്യാസരംഗത്ത്
നടത്തുന്ന പുരോഗമനമാണ്.ലിറ്റിൽ കൈറ്റ് ക്ലബ്
പ്രവർത്തനങ്ങൾ.
ഇ – മാഗസിൻ വലിയൊരു പുതു
മയാർന്ന ആശയമാണ്. വിദ്യാർത്ഥികളിലെ
രചനാവാസനയും സാങ്കേതിക വിദ്യാമികവും ഒരുമിപ്പിക്കുന്ന
ഈ സംരംഭം സെന്റ് റീത്താസ്
വിദ്യാലയത്തിലും അരുവി - 19 എന്ന പുസ്തകത്തിന്
പിന്നിൽ പ്രവർത്തിച്ച എല്ലാവിദ്യാർത്ഥികളേയും
അധ്യാപകരേയും അഭിനന്ദിക്കുന്നു. എല്ലാപ്രവർത്തനങ്ങൾക്കും
ആശംസകളും ഭാവുകങ്ങളും നേരുന്നു.



പി.ടി.എ.പ്രസിഡന്റ്

ശ്രീ.മാർട്ടിൻ.കെ.വി

ഉള്ളടക്കം

അമ്മ കവിത..............................................5

ബാലവേല..................................................7

പ്രിയനെ തേടി..............................................8

സ്നേഹം..................................................9

ആഴങ്ങളിലേക്ക്.........................................10

നൊമ്പരം...............................................11

പനി നീർപ്പൂവ്.........................................12

ജ്വാല..................................................12

ദീപം...................................................14

ചിത്രരചന..............................................15

THINGS TO REMEMBER...........23

നാൾ വഴികളിലൂടെ.................................24

# അമ്മ

കവിത

ബിജു കാരക്കൽ



മനുഷ്യനും ദൈവവും
കൈകോർത്ത് നിൽക്കുന്ന
സ്നേഹപ്രകാശമാണമ്മ
ഭൂമിയിൽ മനുഷ്യന്റെ ചുണ്ടിൽ
വിരിയുന്ന
ആദ്യാക്ഷരമാണമ്മ
താഴത്ത് വെക്കാതെ
നോവേതുമറിയാതെ
താരാട്ട് പാടിയെന്നെ
തേനൂട്ടി പാലൂട്ടി ചോറൂട്ടിയെന്നെ
പോറ്റി വളർത്തിയെന്നമ്മ
പഠിപ്പുമിടുക്കനായ്, തൻതാലിൽ നിൽക്കാൻ
പ്രാപ്തനായപ്പോൾ – അമ്മ
തൊട്ടത് കുറ്റം,പറഞ്ഞത് കുറ്റം
കറിവേപ്പിലയായ് അമ്മ

കാര്യങ്ങളെപറ്റി ഉൾബോധമുണ്ടായനാൾ
ഓടി ഞാൻ – അമ്മയ്ക്കരികിലെത്താൻ
കെട്ടിപ്പിടിച്ച് ഞാൻ തുരുതുരെ ചുംബിക്കും

അമ്മ സന്തോഷത്താൽ വീർപ്പുമുട്ടും
ചിന്തിച്ചുറച്ചു ഞാൻ എത്തി, അമ്മതൻ ചാരെ
എവിടെയെന്നമ്മ – എവിടെയെന്നമ്മ ചുറ്റും
ഞാൻ പരതി
എൻ വാക്ക് കേട്ട് മാപ്പ് നൽകാൻ കാത്ത്
നിൽക്കാതെന്നമ്മ
ദൂരെയെങ്ങോ പോയ് മറഞ്ഞു ദു:ഖമില്ലാത്ത
ലോകത്തേക്ക്

ചിന്തിച്ചുറച്ചു ഞാൻ എത്തി, അമ്മതൻ ചാരെ
എവിടെയെന്നമ്മ – എവിടെയെന്നമ്മ ചുറ്റും
ഞാൻ പരതി
എൻ വാക്ക് കേട്ട് മാപ്പ് നൽകാൻ കാത്ത്
നിൽക്കാതെന്നമ്മ
ദൂരെയെങ്ങോ പോയ് മറഞ്ഞു ദു:ഖമില്ലാത്ത
ലോകത്തേക്ക്

# ബാലവേല

കവിത

അമീൻ എം എസ്



കുരുന്ന നേത്രങ്ങളിൽ നിന്ന്
പൊഴിയും
ചുടുകണ്ണീർ കണത്തിനാൽ
എരിയുന്നെൻമനം സാക്ഷിയായി ഞാൻ
മാനവികതതൻ കരങ്ങളിൽ
കരിയുന്നൊരു ബാലസൂനത്തിന്
തണൽക്കാറ്റ വിരിയേണ്ട കരങ്ങിളിലിന്നവൻ
ചുടുകണ്ണീർ കൊണ്ടൊരു
മണിമാളിക തീർക്കുന്നുവോ?....
ബാലവേലതൻ കരത്തിൽ അവൻ
ഏകാന്തപഥികനായ്
തൻ വേലതൻ നാമമല്ലോ ബാലവേല
വേലയത് ബാല്യത്തെ ചൂഴ്ന്നെടുക്കുന്നു

# പ്രിയനെ തേടി



ഇനിയുമെത്ര ദൂരമീ യാത്ര.....
ജീവിത ഭാണ്ഡവും പേറി
തളരുന്ന  അസ്ഥികൾ മരവിക്കുന്നു
കാലചക്രത്തിൽ ഏടുകൾ നീക്കി കുതിക്കുമ്പോഴും
വാനോളം വസന്തത്തിൽ
ഓർമകളെനിക്കായ് കരുതിവച്ചില്ലെ നീ
പൂക്കാലവും,പൂമണങ്ങളും
എല്ലാം വെറും നിനവുകൾ മാത്രമായ്
മാരിവില്ലിൻ ചാരുതയും
മന്ദമായെത്തുന്ന കുളിർക്കാറ്റും
കഥകളമൊഴുകും കുളിരരുവിയും
ഹിമകണമുതിരും മാമലകളും
ആ തേയിലകാടുകളും ,പിന്നെയാ
മഹാഗണിത്തോപ്പുകളും
ആർദ്രമാം നൊമ്പരമുണർത്തവെ
എവിടെയെൻ പ്രിയനെന്നോതോ
നിലാപക്ഷി തേങ്ങുമ്പോൾ
നെഞ്ചോട് ചേർക്കാൻ
നോവുകൾ നൽകി
എന്റെ പ്രിയനെവിടെ മറഞ്ഞുപോയി
ഇരുളിൽ ഞാൻ പതിയിരിക്കവെ
ഒരു തലോടലായ് സാന്ത്വനമായ്
ഓടിയെത്തി പൈതങ്ങൾ തൻ
ആലിംഗനത്തിൽ ഞാനൊരു തുഷാരകണമായി മാറി

# സ്നേഹം



അമ്മയാണെൻ ജീവൻ
പരസ്നേഹമണല്ലോ അമ്മ
അമ്മതൻ സ്നേഹം ഒരു
നീർച്ചാലുപോലെ
ഒഴുകുന്ന ലോകമെങ്ങും

അച്ഛനും , അമ്മയ്ക്കുമുണ്ട് സ്നേഹം
ചേട്ടനും ചേച്ചിക്കുമുണ്ട് സ്നേഹം
ജീവികൾക്കും പറവകൾക്കുമുണ്ട് സ്നേഹം
സ്നേഹമല്ലോ, ലോകത്തിൻ സാരം.

സ്നേഹമാണ് നമ്മുടെ ജീവിൻ
സ്നേഹമാണെൻ ജീവിത ലക്ഷ്യം
മാതാപിതാഗുരു സ്നേഹം
പരസ്നേഹ ചിന്ത നമ്മിൽ വളർത്തും.

സഹനം സ്നേഹത്തിൻ വാതിൽ തുറക്കും
പരിമളം പരത്തും ഭൂമിയിലെങ്ങും
സ്നേഹം ഭൂമിയിൽ സ്വർഗം പണിയും
സ്നേഹം മാത്രമായ് തുടരട്ടെ ചിന്തകൾ.

# ആഴങ്ങളിലേക്ക്

രാവിലെ അമ്മ പണിക്ക് ഇറങ്ങും മണിക്കുട്ടനെ
കുളിപ്പിച്ച് ഭക്ഷണവും കൊടുത്ത് സ്ക്കൂളിലേക്ക്
അയക്കാൻ തയാറാക്കി നിർത്തും.അമ്മ രാവും പകലും ഇല്ലാതെ പണിയെടുക്കും,മകനെ
പഠിപ്പിക്കാൻ.മകൻ പഠിക്കാൻ മിടുക്കനായിരുന്നു.
അവൻ വലുതായി എൻജിനിയറിങ് പഠിക്കാൻ
പോവുകയാണ്. അമ്മയുടെ കഷ്ടപ്പാട് അവൻ
അറിഞ്ഞിരുന്നില്ല. അവനെ എങ്ങനെയാണ്
പഠിപ്പിച്ചിരുന്നതെന്നും അവൻ അറിഞ്ഞില്ല.
അവൻ പഠിക്കാൻ ദൂരെ ദേശത്തേക്ക് പോയി.
അമ്മയെ വിളിക്കുകയോ അമ്മയ്ക്കൊരു കത്ത്
അയക്കുകപോലും ചെയ്തില്ല.അമ്മ ചോര വിയർപ്പാക്കി തന്റെ മകനെ
പഠിപ്പിക്കുകയാണ്.

കുറച്ച് നാൾ അങ്ങനെ കഴിഞ്ഞ് പോയ്.അമ്മ
കടന്ന് പോയ കാലങ്ങളിലേക്ക് ഒന്ന് തല ഓടിച്ച്
നോക്കി. അമ്മയുടെ ചിന്ത ആഴങ്ങളിലേക്ക് പതിഞ്ഞുപോയി.
അമ്മയ്ക്ക് എന്തനില്ലാത്ത വിഷമം



മണിക്കുട്ടൻ ഒന്ന് വിളിച്ചില്ലല്ലോ

എന്നായിരുന്നു അമ്മയുടെ ഏറ്റവും വലിയ വിഷമം. അമ്മ വളരെ വിഷമത്തിൽ മകനെ
കുറിച്ച് ചിന്തിച്ചു കൊണ്ടിരുന്നു. പെട്ടെന്ന് ഒരു കത്ത്, മകന്റെ വിവാഹം കഴിഞ്ഞു.
അവൻ അവിടെ തന്നെ തുടർന്നു. അമ്മയെ ഒന്ന് കാണാൻ പോലും വന്നില്ല. അമ്മയ്ക്ക്
തന്റെ മകന്റെ കുട്ടികളെ ഒന്ന് കാണാൻ കൊതിയായിരുന്നു. പക്ഷെ അത് സാധിക്കുമോ
എന്ന് അമ്മയ്ക്ക് അറിയില്ല. പെട്ടെന്ന് അമ്മയ്ക്ക് തോന്നുകയാണ് ഒരു തുള്ളി വെള്ളം
പോലും എടുത്തുകൊടുക്കാൻ ആരുമില്ല. അങ്ങനെ
അമ്മ ആരോരുമില്ലാത്ത വൃദ്ധയായി തീർന്നു.അമ്മ മരിച്ചെന്ന് അറിഞ്ഞപ്പോൾ അവൻ
എത്തിയതാണ്, അല്ലെങ്കിൽ എത്തുകയില്ല. അമ്മ മരിച്ചു, അവൻ തളർന്നുപോയി.

# നൊമ്പരം



**മാ**ഞ്ഞുപോയ് വരണ്ടുപോയ്-
ഭൂമിതൻ പുതുമ എങ്ങോ മറഞ്ഞുപോയ്-
പരശുരാമൻ മഴുവെറിഞ്ഞു നേടിയ -
കേരളപ്പുതുമ എവിടെയെന്നറിയില്ല.
ദൈവത്തിൻ നാടിന്റെ ഭംഗി- മാഞ്ഞുപോയ്-
ഗുരുദേവൻ നടന്ന നാടിന്റെ ഭംഗി എങ്ങോ പോയ്-
കാലത്തിന്റെ വേഗതയിൽ മാറുന്ന ഭൂമി -
എന്റെ സ്വപ്നങ്ങൾ നെയ്തെടുത്ത ഭൂമി-
അറബിക്കടലിൽ തീർത്ഥം അടിയുന്ന ഭൂമി-
പെരിയാറും നിളയും ഒഴുകുന്ന ഭൂമി-
വരൾച്ചതൻ കൈകളിൽ പിടയുമ്പോഴും-
മായല്ലേ..... മറയല്ലേ.....ഞങ്ങൾ തൻ ഭൂമി.

അബിരാം പി. എ

---

# പനി നീർപ്പൂവ്



വിടർന്ന പനിനീർപ്പൂവേ
നിൻ നീർമ്മല ശോഭതൻ നിഴലായി
ഒരു ശലഭമായ് ഞാൻ മാറുന്നു
പൂവേ, നിൻമനോഹാരിതയിൽ
അലിഞ്ഞു ചേരുന്ന
നിൻ ലാവണ്യം നുകരുവാൻ
എൻ മനം തുടിക്കുന്നു.
ഒരു വണ്ടു വന്നു നിൻ തേൻ നുകർന്നാൽ
നിന്നിലെ ലാവണ്യം നഷ്ട്മാവില്ല.
ഒരു കുളിർ തെന്നലേറ്റിയാൽ

ഷോൺ ഷാജൻ

# ജ്വാല

കഥ

വിഷ്ണു സി.ബി

കുളിരുള്ള ഡിസംബർ മാസത്തിലാണ് ഞാൻ ജനിച്ചത്.
എന്റെ പേര് മോനുട്ടൻ. ഇന്നെനിക്ക് പത്ത് വയസ്.എന്നാൽ
ഞാൻ ഇന്ന് ഈ ലോകത്തിൽ ഉണ്ടാവില്ലായിരുന്നു. എന്റെ ജീവിതത്തെ
മാറ്റിമറിച്ച അവിസ്മരണീയമായ ഒരു സംഭവം ഇവിടെ കുറിക്കട്ടെ....
ഒരു കൊച്ചു ഗ്രാമത്തിൽ ഓലമേഞ്ഞ കുടിലിലാണ് ഞാൻ വളർന്നത്
എനിക്ക് ഒന്നര വയസ്സുള്ളപ്പോൾ അമ്മ എന്നെ
കിടത്തിയുറക്കയിട്ട് വീടിനു വെളിയിൽ



പണിയെടുക്കുകയായിരുന്നു. പെടെന്നാണ്
ഞങ്ങളുടെ തൊട്ടടുത്തുള്ള ചെച്ചിയുടെ കുടിലിൽ
വിളക്ക് മറിഞ്ഞ് തീപിടിച്ചത് ആ തീ ഞങ്ങളു
കുടിലിലേക്കും പടർന്നു
ഞാൻ വീടിനുള്ളിൽ കരയുന്നത് ആരും കേട്ടില്ല.
ഞാൻ ആ കുടിലിൽ ഉള്ളതായി ആരു അറിഞ്ഞില്ല.
പക്ഷെ എന്റെ ഭാഗ്യത്തിന് കൃത്യസമയത്ത് അമ്മ അവിടെ
എത്തി. അമ്മ സ്വന്തം ജീവൻ നോക്കാതെ എന്നോടുള്ള
സ്നേഹം കൊണ്ട് ആ തീ ജ്വലയിൽ നിന്ന് എന്നെ രക്ഷിച്ചു.
അമ്മ എന്നെ ഒരു കമ്പിളിപുതപ് വച്ച് പുതഞ്ഞ് വാരി പുണർന്നു.
എന്നാൽ അപ്പോഴത്തേക്കും അമ്മയുടെ ദേഹം
മുഴുവൻ പൊള്ളിയിരുന്നു. അമ്മയെ കൃത്യസമയത്ത്
വൈദ്യന്റെയടുത്ത് എത്തിക്കാനായില്ല.
അന്നുതൊട്ട് അമ്മയുടെ സ്നേഹം ഇല്ലാതെയാണ് വളർന്നത്
അമ്മയ്ക്ക് എന്നോടുള്ള സ്നേഹം സ്വന്തം ജീവൻ വെടിഞ്ഞ്
തെളിയിച്ചു എന്റെ ജീവിതത്തിലെ ഒരു തേങ്ങലായി ഇത് ഇന്നും
അവശേഷിക്കുന്നു.

## ദീപം




ഞങ്ങൾതൻ  ജീവിതത്തിൽ
ദൈവമേ നിത്യദീപം കൊളുത്തു
ദൈവമേ  ഞങ്ങൾ അങ്ങയുടെ സൃഷ്ടി
ദൈവമേ സ്തുതിക്കുന്നു ഞങ്ങൾ
ദൈവമേ ഞങ്ങൾതൻ ജീവിതത്തിൽ
അറിവിന്റെ ദീപം കൊളുത്തു.
കോടാനുകോടി ജനങ്ങളിൽ നിൻകൃപ
നദിപോലെ കടൽപോലെ  നിറയുന്നു.
ഞങ്ങൾതൻ ജീവിതത്തിലും
ദൈവമേ നിത്യദീപം കൊളുത്തു.
അഹിംസതൻ പടവാളേന്തി
കാർമേഘം ശിരസിൽ മേലെ തടഞ്ഞു.
കരകാണാക്കടൽ  താണ്ടി ഞാൻ
വിജയത്തിൽ സല്ലാപം നേടി
ശാന്തി വിതച്ച്  നന്മ കൊയ്യാൻ
കാക്കണേ സ്നേഹവാരിധേ
ദൈവമേ ഞങ്ങൾതൻ ജീവിതത്തിലും
നിത്യദീപം കൊളുത്തു


# ചിത്രരചന









95







# ENGLISH




*Health is wealth. There is noting in our life that is more valuable than good health. Without health there is no happiness ,no peace and no success in our life. A person with bad health cannot enjoy the pleasure of being wealthy.*

*. Health is more valuable than money. Money cannot buy health*
*and happiness .A healthy person is completely free from any illness or injury.*

*A person with sound health enjoy a stable health that also includes a healthy mental*

*conditions. Our health depends upon several factors, such as food pollution, sleeping habits, mental condition, air,water and sunlight.*

*completely free from any illness or injury. A person with sound health enjoy a stable health that also includes a healthy mental*

---

# THINGS TO REMEMBER

*Poetry*



*THE BEST DAY -TODAY*
*BEST GIFT-FORGIVENESS*
*THE GREATEST HANDICAP-FEAR*
*THE GREATEST KNOWLEDGE – EXPERIENCE*
*EASIEST THINGS TO DO FINDING FAULTS*
*HARDEST THING TO DO -TO BEGIN*
*THE GREATEST THING -LOVE*
*THE GREATEST SUCCESS IN LIFE -*
*PEACE OF MIND*
*THE GREATEST MISTAKE-GIVING UP*

*Amal Martin*



## നാൾ വഴികളിലൂടെ



സഖ്യാംഗങ്ങൾ സമീപം.

### സെന്റ് റീത്താസ് ശാഖ ശിശുദിനം ആഘോഷിച്ചു

പൊന്നുരുന്നി ● സെന്റ് റീത്താസ്
സ്കൂൾ ബാലജന സഖ്യം ശാഖ
ശിശുദിനം ആഘോഷിച്ചു. ക
ട്ടികളുടെ ചാച്ചാജി സൂര്യപ്രകാ
ശ് ശിശുദിന സന്ദേശം നൽകി
ആക്ഷൻ പ്ലാൻ ഉദ്ഘാടന
എം.പി. വേണുവും 'ശ്രദ്ധ' ഉദ്ഘാ
ടനം പിടിഎ പ്രസിഡന്റ് കെ.വി
മാർട്ടിനും നിർവഹിച്ചു. ശ്രീകാന്ത്
സമ്മാനദാനം നിർവഹിച്ചു.



# ലക്ഷം ലക്ഷം മെട്രോയിൽ...

## ലക്ഷം ലക്ഷം മെട്രോയിൽ... ഒരു ലക്ഷത്തിലേറെ യാത്രക്കാർ

### ഒന്നാം വാർഷിക ദിനത്തിലെ സൗജന്യ യാത്രയിൽ ഒരു ലക്ഷത്തിലേറെ യാത്രക്കാർ

കൊച്ചി ▸ ചൊവ്വാഴ്ച രാത്രി ഏഴു മണി വരെ 1,04,022 പേരാണ് കൊച്ചി മെട്രോയിൽ യാത്ര ചെയ്തത്. സർവീസ് അവസാനിക്കുന്നതോടെ 1,20,000 പേർ ആകുമെന്ന് കെ.എം.ആർ.എൽ. അധികൃതർ അറിയിച്ചു.

ഒന്നാം വാർഷിക ദിനത്തിൽ പൊതുജനങ്ങൾക്കായി മെട്രോയിൽ അനുവദിച്ച സൗജന്യ യാത്ര ആവേശമായി. രാവിലെ മന്ദഗതിയിലായിരുന്നെങ്കിലും 10 മണി മുതൽ തുടങ്ങിയ തിരക്ക് രാത്രി വരെ നീണ്ടു. തിരക്ക് നിയന്ത്രിക്കാൻ അധിക സുരക്ഷാ സംവിധാനം ഒരുക്കാം കെ.എം.ആർ.എൽ. ... യാത്രക്കാർക്ക് ... നൽകിയിരുന്നു. ആളുകൾ ... തൽ എത്താൻ സാധ്യതയു... ആലുവ, ഇടപ്പള്ളി, മഹാരാജാസ് സ്റ്റേഷനുകളിൽ കൂടുതൽ വിറ്റുപോകുന്ന സ്ഥലത്തേക്കുള്ള ടിക്കറ്റുകൾ നേരത്തെ പ്രിന്റ് ചെയ്തുകൊണ്ട് കൗണ്ടറിൽ തിരക്ക് കുറയ്ക്കാൻ സാധിച്ചു.

പാർക്കിങ്ങും സൗജന്യമായിരുന്നു. പല സ്റ്റേഷനുകളിലും യാത്രക്കാരെ നിയന്ത്രിക്കാൻ സുരക്ഷാ ജീവനക്കാർ പാടുപെട്ടു. സൗജന്യ യാത്രയോടനുബന്ധിച്ച് മെട്രോ പോലീസിനു പുറമെയുള്ള പോലീസുകാരെയും സുരക്ഷയ്ക്കായി നിർത്തിയിരുന്നു. പല സ്റ്റേഷനുകളിലും റോഡിലേക്ക് വരെ ആളുകളുടെ നീണ്ട നിര കാണാമായിരുന്നു.

രാവിലെ ആറു മുതൽ രാത്രി ...

സൗജന്യ മെട്രോ യാത്ര ലഭിച്ചതോടെ സ്വകാര്യ വാഹനങ്ങൾ നിരത്തിൽ കുറഞ്ഞു. നഗരത്തിലെ ബസുകളിലും തിരക്ക് പൊതുവെ കുറവായിരുന്നു. ഒരു ട്രെയിനിൽ 940-ഓളം പേരാണ് യാത്ര ചെയ്തത്. വിദ്യാർഥികളാണ് അധികമായും സൗജന്യ യാത്ര പ...

...റന്നു. ആലുവയിൽ യാത്രക്കാർക്ക് റോഡ് കുറുകെ കടക്കാതെ മെട്രോ സ്റ്റേഷനിൽ എത്താം. ഇതുവരെ കിഴക്കുഭാഗത്തു കൂടി മാത്രമാണ് പ്രവേശനം ഉണ്ടായിരുന്നത്.

ആലുവയുടെ വടക്കുള്ളവർക്കും മടക്കയാത്ര എളുപ്പമാകും. മാർക്ക...

**ഭാഗ്യ നറുക്കെടുപ്പ് വിജയികൾ**

മെട്രോയുടെ വാർഷിക ആഘോഷങ്ങളുടെ ഭാഗമായി സംഘടിപ്പിച്ച ഭാഗ്യ നറുക്കെടുപ്പിൽ വിജയികളായവരെ പ്രഖ്യാപിച്ചു. സണ്ണി, ...

...നുബജ് സി. ആർ. എന്നിവരെയാണ് ആദരിച്ചത്.

**മെട്രോ യാത്രാസംഗമം**

കൊച്ചി മെട്രോയിലൂടെ ആദ്യഘട്ടം യാത്ര ആരംഭിച്ചതിന്റെ ഒന്നാം പിറന്നാളാഘോഷിക്കാൻ റസിഡൻറ്സ് അസോസിയേഷനുകൾ എഡ്രാക് ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ മെട്രോ യാത്രാ സംഗമം നടത്തി.

എഡ്രാക്കിന്റെ നൂറുകണക്കിന് പ്രവർത്തകർ ആലുവ മെട്രോ സ്റ്റേഷനിൽനിന്നും മഹാരാജാസ് ഗ്രൗണ്ട് സ്റ്റേഷനിൽനിന്നും രണ്ടു ടീമായി പുറപ്പെട്ട് കലൂർ ജവാഹർലാൽ നെഹ്റു സ്റ്റേഡിയം സ്റ്റേഷനിൽ സംഗമിച്ചു. തുടർന്ന് സ്റ്റേഷൻ പരിസരത്ത് ചേർന്ന പൊതുസമ്മേളനം കെ.എം.ആർ.എൽ. ഡപ്യൂട്ടി ജനറൽ മാനേജർ ആദർശ് കുമാർ ജി. നായർ ഉദ്ഘാടനം ചെയ്തു. എഡ്രാക് പ്രസിഡൻറ് പി. രംഗദാസ പ്രഭുവിന്റെ അധ്യക്ഷതയിൽ നടന്ന സമ്മേളനത്തിൽ ജനറൽ സെക്രട്ടറി എം.ടി. വർഗീസ്, സി.പി.പി.ആർ. ചെയർമാൻ ഡോ. ഡി. ധനുരാജ്, കെ.എം.ആർ.എൽ. ജോയിൻറ് ജനറൽ മാനേജർ സി.ആർ. രശ്മി, കെ.എം.ആർ.എൽ. അഡീഷണൽ ജനറൽ മാനേജർ ജി.പി. ഹരി, അഡ്വൈസർ വി.ജെ. ആൻറണി, എഡ്രാക് ജില്ലാ സെക്രട്ടറി പി.വി. അതികായൻ എന്നിവർ പ്രസംഗിച്ചു.

മെട്രോയുടെ വാർഷികത്തോടനുബന്ധിച്ച് ചൊവ്വാഴ്ച അനുവദിച്ച സൗജന്യ യാത്രയിൽ പങ്കെടുത്ത് മഹാരാജാസ് സ്റ്റേഷനിൽ വന്നിറങ്ങിയ കുട്ടികൾ



# ക്രിസ്തുമസ് ആഘോഷം









അധ്യാപകദിനം



തണുപ്പിനൊരുപുതപ്പ്





# Election



